LIBRARY ARCHIVES Kerala Legislative Assembly

Sri. Panampilli Govinda Menon:
The dispute has been referred to the Industrial Tribunal for adjudication. An order has also been served on the management and the Labourers under section 10 (3) of the Industrial Disputes Ordinance not to lock out or strike work.

കുത്തകപ്പാട്ട ഇനത്തിൽ ഉള്ള വരവു്

൨൭൭. (൫) **ശ്രീ. കൃഷ്ണൻ അയ്യപ്പൻ:** താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാൎയ്യമന്ത്രി സദയം മറുപടി നൽകുമോ.—

൧൧൨൪–നു ശേഷം കുത്തകപ്പാട്ടമിനത്തിൽ തിരുവിതാംകൂർ കൊച്ചി സ്റ്റേററിന്റെ മൊത്തം വരവു എന്തു്? തിരുവിതാംകൂറിൽനിന്നു മാത്രമുള്ള വരവു് എന്തു്?

ശ്രീ. എ. ജെ. ജാൺ:
തിരുവിതാംകൂർ കൊച്ചി സ്റ്റേററിൽ കുത്തകപ്പാട്ടമിനത്തിൽ ആകെ വരവു് ക. ൧,൫൦,൫൦൫—൩—൩ ആണു്. കൊച്ചിയിൽ കുത്തകപ്പാട്ടമായി ഗവമ്മെൻറു സ്ഥലങ്ങൾ പതിച്ചുകൊടുക്കുന്നില്ല.

V. D. SPECIALISTS

278 [12]. **Sri. K. Ramachandran:** Will the Hon'ble Minister for Finance be pleased to state:—

the number of V. D. Specialists in the service of the Government?

Sri. A. J. John:
Three.

LEGISLATIVE BUSINESS.

The Debt Relief Act II of 1116 M.E. (Travancore)

Amendment Bill by Sahib Bahadur P. S. Mohammed: Motion for leave to introduce.

സാഹിബ് ബഹദൂർ പി. എസ്സ്. മഹമ്മദ്: സർ, തിരുവിതാംകൂർ ഡെററ് റിലീഫ് ആക്ട് (അമൻറ്മെൻറ്) ബിൽ ഇവിടെ അവതരിപ്പിക്കുന്നതിനു് സഭയുടെ അനുവാദം അപേക്ഷിക്കുന്നു.

Mr. Speaker: The question is that leave be granted to introduce the Travancore Debt Relief Act (II of 1116) Amendment Bill.

The motion was adopted.

RESOLUTIONS ON MATTERS OF GENERAL PUBLIC INTEREST

Resolution recommending the appointment of an expert committee to enquire into the prospects of the industrial concerns in the State which are subsidised or managed by Government.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: സർ, "തിരുവിതാംകൂർ കൊച്ചി ഗവമ്മെണ്ടു് ധനസഹായം ചെയ്തിട്ടുള്ളതും, നേരിട്ടുനടത്തുന്നതുമായ വിവിധ വ്യവസായ സംരംഭങ്ങളുടെ ഭാവി സാദ്ധ്യതകളെക്കുറിച്ചു് അന്വേഷിച്ചു് റിപ്പോർട്ടുചെയ്യുന്നതിനു് വ്യവസായ വിദഗ്ദ്ധന്മാരുടെ ഒരു കമ്മിററിയെ നിയമിക്കണമെന്നു് ഈ സഭ അഭിപ്രായപ്പെടുന്നു." ഇതാണു് എന്റെ പ്രമേയം. ഈ പ്രമേയത്തെ സഭയുടെ അംഗീകരണത്തിനായി ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നതു് തിരുവിതാംകൂർ–കൊച്ചി ഗവമ്മെണ്ടിന്റെ ശ്രദ്ധ വ്യവസായ തുറകളിലേക്കു് പ്രത്യേകം ക്ഷണിക്കുന്നതിനാണു്. ഇവിടത്തെ ഗവമ്മെണ്ടിനു് ഇവിടത്തെ വ്യവസായങ്ങളെ സംബന്ധിച്ചു് സുചിന്തിതമായ ഒരു നയമില്ലെന്നു് പറയേണ്ടിവന്നതിൽ ഞാൻ ഖേദിക്കുന്നു. സർ. സി. പി. രാമസ്വാമി അയ്യരുടെ ഗവമ്മെണ്ടിന്റെ കാലത്തു് ഇവിടത്തെ വ്യവസായങ്ങൾ ഏതു മനോഭാവത്തോടുകൂടിയാണോ ആ ഗവമ്മെണ്ടു് നടന്നിരുന്നതു് അതേ നയംതന്നെ വള്ളിപുള്ളി വ്യത്യാസം കൂടാതെ ഈ ഗവമ്മെണ്ടു് തുടൎന്നുകൊണ്ടുപോകുന്നു എന്നാണു് ഇപ്പോഴും മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളതു്. ഇന്നു് അധികാരത്തിൽ ഇരിക്കുന്ന കോൺഗ്രസ് ഗവമ്മെണ്ടു് അധികാരത്തിൽ വന്നയുടനെതന്നെ ചെയ്യേണ്ട ഒരു ചുമതലയാണു് എന്റെ പ്രമേയത്തിൽ ഉൾക്കൊ